എന്നൊരു സ്ഥലമുണ്ടെന്നും അവിടെ ടൂറിസം വികസനസാദ്ധ്യത യുണ്ടെന്നും അതിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നും ഉള്ള ബോദ്ധ്യത്തോടുകൂടിയാണ് ഈ ഗവൺമെൻറ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. കാപ്പാട് എന്ന സ്ഥലത്ത് വടി കെട്ടിത്തൂക്കിയിട്ടി രിക്കുന്നതല്ലാതെ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ? കാപ്പാട് ഇപ്പോൾ വലിയൊരു ടൂറിസ്റ്റ് കേന്ദ്രമായി. അതുപോലെ തന്നെ മലബാറിലെ നിരവധി ഭാഗങ്ങൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ, ഇദ്ദേഹം പറയുന്ന പ്രദേശത്തിനപ്പുറം മഞ്ചേശ്വരത്ത് വളരെ വിപുലമായ ഒരു ടൂറിസം കേന്ദ്രമായി വികസിപ്പിക്കാൻ പോവുകയാണ്. അതുപോലെതന്നെ ബേക്കൽ കോട്ടയുടെ കാര്യത്തിലും ഈ ഗവൺമെൻറ് വളരെയധികം ശ്രദ്ധയോടുകൂടി നടപടിയെടുക്കുന്നതാണ്. ഇവിടെ പറയുന്നത് കേട്ടു, ഇത് കേന്ദ്രപദ്ധതിയാണെന്ന്. കേന്ദ്രപദ്ധതിയെന്ന് പറയുന്നത് ആരുടേയാണ്? കേന്ദ്രം ആരുടെയെങ്കിലും തറവാട്ടുവക യാണോ? കേന്ദ്രം നമ്മുടെയെല്ലാവരുടേതും കൂടെയല്ലേ? കേന്ദ്രത്തിൻെറ മേൽ സമ്മർദ്ദം ചെലുത്തി പരമാവധി അവിടെനിന്നും പണമുണ്ടാക്കി പദ്ധതി നേടി ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അത് നമ്മുടെയെല്ലാവരുടേയും പരിശ്രമത്തിൻെറ ഫലമായിട്ടാണ്. അങ്ങനെ ബേക്കൽ കോട്ടയെന്നു പറയുന്ന, വളരെയധികം വികസന സാദ്ധ്യതയുള്ള ടൂറിസ്റ്റ് പ്രദേശത്തിനുവേണ്ടി കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുകയും ഒന്നിലധികം തവണ വിദഗ്ദ്ധരെ അയച്ച് പരിശോധന നടത്തി റിപ്പോർട്ട് കേന്ദ്ര ഗവൺമെൻറിനു കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതിൻെറ അനുവാദം കിട്ടാൻവേണ്ടി നമ്മൾ പരിശ്രമിച്ചു കൊണ്ടിരിക്കു കയാണ്.പക്ഷേ കേന്ദ്രത്തിൽ വന്ന ഭരണ മാറ്റങ്ങൾകൊണ്ട് ഒന്നും നടന്നില്ല. അതിവിപുലമായിട്ട് വികസന സാദ്ധ്യതയുള്ള ഒരു സ്ഥലമാണിത്. ഓരോരുത്തരും വന്ന് പറയുന്നതനുസരിച്ച് ചെയ്യുന്നതല്ല. നേരെമറിച്ച്, വളരെ വിദഗ്ദ്ധ സംഘം വന്ന് പഠനം നടത്തി അവരുടെ റിപ്പോർട്ട് കേന്ദ്രഗവൺമെൻറിനു കൊടുത്തിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെൻറിൻെറ കാര്യത്തെക്കുറിച്ച് ഇപ്പോൾ ഞാൻ ഒന്നും പറയുന്നില്ല. കഴിഞ്ഞ പ്രാവശ്യം ടൂറിസത്തിൻെറ ചുമതല വഹിച്ചതും ശ്രീ. കുഞ്ഞിക്കണ്ണനൊക്കെ ശ്ലാഘി ച്ചിട്ടുള്ളതുമായ കേന്ദ്രമന്ത്രി ഇവിടെ വന്ന് കുറെ വികസനങ്ങളൊക്കെ പ്രഖ്യാപിച്ചിട്ട് പോയി. ഞാൻ നോക്കിയപ്പോൾ കേന്ദ്രത്തിൽ ഇപ്പോൾ അതു സംബന്ധിച്ച ഒരു കടലാസ്സും ഇല്ലെന്നാണു മനസ്സിലാക്കു ന്നത്. അതാണ് ഇപ്പോഴത്തെ കേന്ദ്രത്തിൻെറ സ്ഥിതി. അതുകൊണ്ട് ഉറപ്പുള്ള, നല്ലൊരു കേന്ദ്രം, ഇക്കാര്യങ്ങളിലൊക്കെ അനുഭവമുള്ള ഒരു കേന്ദ്രം, കേരളത്തോട് പ്രത്യേകം അനുഭാവമുള്ള കേന്ദ്രം വരുമ്പോൾ ഇതൊക്കെ നടപ്പിലാകുമെന്ന് ഞാൻ കുഞ്ഞിക്കണ്ണനോട് പറയുകയാണ്. അതിനനുസൃതമായി ശ്രീ. കുഞ്ഞിക്കണ്ണൻകൂടി സഹായിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## (vi) കുട്ടനാട്ടിലെ താറാവു കൃഷിക്കാർക്ക് ധനസഹായം

ഡോക്ടർ കെ. സി. ജോസഫ്: സർ, 1990-ൽ ആലപ്പുഴ ജില്ലയിൽ വ്യാപകമായി ഉണ്ടായ താറാവു വസന്ത രോഗം മൂലം പതിനായിരക്കണക്കിന് താറാവുകൾ നശിക്കുകയും കൃഷിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുകയു മാണ്. അവരെ സാമ്പത്തികമായി സഹായിക്കാം എന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി പറഞ്ഞിരുന്നുവെങ്കിലും ആലപ്പുഴ ജില്ലയിൽ ഇപ്പോഴും ആളുകൾക്ക് സഹായം ലഭിച്ചിട്ടില്ല. അതുകൊണ്ട് 1990-ൽ താറാവ് നഷ്ടപ്പെട്ട എല്ലാവർക്കും സഹായം ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഇപ്പോഴും താറാവുവസന്ത പടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് താറാവുവസന്ത തടയാൻ ആവശ്യമായ പ്രതിരോധ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, അവിടെ നഷ്ടംവന്ന താറാവ് ഒന്നിന് 15 രൂപവച്ച് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. 75,756 താറാവുകൾ മരിച്ചതായിട്ടാണ് ഇവിടെ കണക്ക് കിട്ടിയത്. അതിനുവേണ്ടി 8,33,646 രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനിയും ലിസ്റ്റ് കിട്ടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ നിന്നുള്ള ലിസ്റ്റ് ഇവിടെ ലഭിച്ചിട്ടില്ലായെന്ന് പറയുന്നു. അതു കിട്ടുന്ന മുറയ്ക്ക് കൊടുക്കാൻ സാധിക്കും. ഇപ്പോൾ വസന്ത വരുന്നതിന് എതിരായി പ്രതിരോധ നടപടികളും സ്വീകരിച്ചുവരുന്നു.

## (vii) തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവള അതോറിറ്റിക്ക് കൈമാറുന്നതു സംബന്ധിച്ച്

ശ്രീ. എം. വിജയകുമാർ: സർ, തിരുവനന്തപുരം വിമാനത്താവളം നാഷണൽ എയർപോർട്ട് അതോറിറ്റിയിൽ നിന്ന് ഇൻറർനാഷണൽ എയർപോർട്ട് അതോറിറ്റിയിലേക്ക് മാറ്റുന്നതിനു കാര്യങ്ങൾ നടക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി ചില അന്തർനാടകങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ഇവിടെയുള്ള ചില വിഭാഗം ജീവനക്കാരെ ഇളക്കിവിട്ടുകൊണ്ട് ബോംബെ ലോബിയും മദ്രാസ് ലോബിയും ഇതിനെതിരായി ഇതിനെ തുരങ്കം വയ്ക്കുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇന്നലെ അതു തരണം ചെയ്തുവെന്നും അന്താരാഷ്ട്ര വിമാനത്താവള അതോറിറ്റിക്ക് അത് പൂർണ്ണമായി കൈമാറാം ചെയ്തുവെന്നുമുള്ള റിപ്പോർട്ട് വന്നു. ഔദ്യോഗികമായി ഇതു സംബന്ധിച്ച് ഗവൺമെൻറിനു വിവരം ലഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിൻറെ അടിസ്ഥാനത്തിൽ ഇത് പൂർണ്ണമായി കൈമാറാം ചെയ്യുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിനു തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, കേരള സർക്കാർ വളരെ വർഷം നിരന്തരമായി ആവശ്യപ്പെട്ടതിൻറെ ഫലമായി തിരുവനന്തപുരം വിമാനത്താവളം 1991 ജനുവരി 1 മുതൽ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചുകൊണ്ട് വി. പി. സിംഗ് ഗവൺമെൻറിൻറെ കാലത്ത് 1990 ഒക്ടോബർ 29-ന് കേന്ദ്ര ഗവൺമെൻറ് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. നാഷണൽ എയർപോർട്ട് അതോറിറ്റി നടത്തിവരുന്ന ടി വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവള അതോറിറ്റിക്ക് കൈമാറാം നടത്തുന്ന പ്രക്രിയ സുഗമമാക്കാനും തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ

LIBRARY ARCHIVES Kerala Legislative Assembly